ഇ. എസ്. ഐ. ഡിസ്പെൻസറികൾ

39 [1358] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഇ. എസ്. ഐ. ഡിസ്പെൻസറികൾ ഉണ്ടെന്നും ഇവ ഓരോന്നിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) ഇ. എസ്. ഐ. നിയമം/ചട്ടങ്ങൾ അനുസരിച്ച് ഒരു ഡിസ്പെൻസറിയിൽ ഉണ്ടാകേണ്ട ജീവനക്കാരെ എത്രയെന്നുള്ളതിന്റെ തസ്തിക തിരിച്ചുള്ള കണക്കുകൾ നൽകാമോ; നിഷ്കർഷിച്ചിട്ടുള്ള തൊഴിലാളി-ജീവനക്കാർ അനുപാതം എത്രവീതം എന്നുകൂടി വ്യക്തമാക്കാമോ;

(സി) ജീവനക്കാർ കുറവുള്ള ഡിസ്പെൻസറികളിൽ നിയമനം നടത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഡിസ്പെൻസറികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 137 ഇ.എസ്.ഐ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ഡിസ്പെൻസറികളിലും ഇ.എസ്.ഐ. ആനുകൂല്യത്തിന് അർഹരായ തൊഴിലാളികളുടെ എണ്ണം അനുബന്ധം 1-ൽ ചേർക്കുന്നു.†

(ബി) ഇ.എസ്.ഐ. മെഡിക്കൽ മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് ഓരോ ഡിസ്പെൻസറിയിലുമുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരവും തൊഴിലാളി-ജീവനക്കാരുടെ അനുപാതവും അനുബന്ധം 2-ൽ ചേർക്കുന്നു.†

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ഡി) ഡിസ്പെൻസറികളിൽ ആവശ്യമായ മരുന്നുകൾ ഇൻഡന്റ് അനുസരിച്ച് യഥാസമയം ലഭ്യമാക്കുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly